File No. LSGD-DD2/488/2018-LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 27-09-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ പട്ടികജാതി സങ്കേതങ്ങളിലേയ്ക്ക് റോഡ് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു

==========================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ). 2675/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 17-10-2018

==========================================================

പരാമർശം :- 1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15-09-2018-ലെ കത്തും 05.09.2018-ലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 1(1) നമ്പർ യോഗ തീരുമാനവും

2. 27-09-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.25-)൦ നമ്പർ തീരുമാനം

**ഉത്തരവ്**

വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതുമായ പട്ടികജാതി സങ്കേതങ്ങളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിനുള്ള 12 പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ റോഡുകൾക്ക് 6 മീറ്റർ വീതിയില്ലായെന്ന കാരണത്താൽ നിർവ്വഹണ ഉദ്യോഗസ്ഥർ വിയോജിപ്പ് അറിയിച്ചതിനാൽ പ്രോജക്ട് നടപ്പാക്കാൻ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോഓർഡി നേഷൻ സമിതിയുടെ പ്രത്യേക അനുമതിക്കായി 05-09-2018-ലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 1(1) നമ്പർ തീരുമാനം പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ പ്ലാനിംഗ ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിതുക അതാത് ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി പദ്ധതി നടപ്പാക്കാൻ പരാമർശം (2) പ്രകാരം 27-09-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി.

2. മേൽ സാഹചര്യത്തിൽ വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയതുമായ പട്ടികജാതി സങ്കേതങ്ങളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിനുള്ള 12 പ്രോജക്ടുകളിൽ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളുടെ നിർമ്മാണത്തിന് പദ്ധതിതുക അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി നിർവ്വഹണം നടത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സസ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ